Washington State Department of Health
Updated September 12, 2022
DOH 820-131 Malayalam

# കോവിഡ്-19 സമയത്ത് മാസ്കുകൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

## സെപ്തംബർ 12, 2022-ൽ നടപ്പിൽ വരുത്തിയ മാറ്റങ്ങളുടെ സംക്ഷിപ്തം

- മാസ്കുകളും റെസ്പിറേറ്ററുകളും നൽകുന്ന പരിരക്ഷയുടെ വിവിധ തലങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ
- പൊതുഗതാഗതസംവിധാനങ്ങളിൽ യാത്രചെയ്യുന്നവർക്കുള്ള Centers for Disease Control and Prevention (CDC, സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവൻഷൻ) ന്റെ മാസ്കിംഗ് ശുപാർശയുമായി യോജിക്കുന്ന വിധത്തിൽ പുതുക്കിയത്
- ആരോഗ്യപരിചരണ ഒത്തുചേരൽ സജ്ജീകരണ ഇതര- സാഹചര്യങ്ങളിൽ എപ്പോൾ മാസ്കുകൾ ധരിക്കണം എന്നതിനായുള്ള പുതുക്കിയ ശുപാർശകൾ
- CDC കോവിഡ്-19 കമ്മ്യൂണിറ്റി നിലവാരങ്ങൾക്ക് അനുസൃതമായി പൊതുജനങ്ങൾ അകത്തളങ്ങളിൽ എപ്പോഴെല്ലാം മാസ്ക് ധരിക്കണം എന്നതിനായുള്ള പുതുക്കിയ ശുപാർശകൾ

## ആമുഖം

നിങ്ങൾ ഒരു മാസ്ക് അല്ലെങ്കിൽ റെസ്പിറേറ്റർ (അതായത്, എൻ.95 പോലുള്ള പ്രത്യേക ഫിൽട്ടറിംഗ് മാസ്കുകൾ) ധരിക്കുന്നത്, നിങ്ങൾക്ക് ചുറ്റുമുള്ളവരെയും ഒപ്പം നിങ്ങളെയും സംരക്ഷിക്കാൻ സഹായിക്കുന്നു ഒരു മാസ്ക് അല്ലെങ്കിൽ റെസ്പിറേറ്റർ ധരിക്കുന്നത് കോവിഡ് -19 ന്റെ വ്യാപനം കുറയ്ക്കുകയും ജീവനുകൾ രക്ഷിക്കുകയും സമ്പദ് വ്യവസ്ഥയെ തുറന്നിടുകയും ചെയ്യും. വാക്സിനുകളും മാസ്കുകളോ റെസ്പിറേറ്ററുകളോ ധരിക്കുന്നതും സംബന്ധിച്ച നിർദേശങ്ങളിലെ പുതുക്കലുകൾ (ചില അധിക ഭാഷകൾ ലഭ്യമാണ്) മനസ്സിലാക്കിക്കൊണ്ടിരിക്കുന്നത് പോലെയുള്ള സംയുക്ത തന്ത്രങ്ങൾ, ഗുരുതരമായ രോഗം തടയുന്നതിനും ആരോഗ്യ പരിചരണ സംവിധാനത്തിനു മേലുള്ള സമ്മർദ്ദം കുറയ്ക്കുന്നതിനും സഹായിക്കും.

നിങ്ങൾക്ക് ലഭ്യമായതിൽ വച്ച് ഏറ്റവും ഇണങ്ങുന്നതും ഉയർന്ന ഗുണനിലവാരമുള്ളതുമായ മാസ്ക് അല്ലെങ്കിൽ റെസ്പിറേറ്റർ (ചില അധിക ഭാഷകൾ ലഭ്യമാണ്) ആണ് നിങ്ങൾ ധരിക്കേണ്ടത്. ശരിയായ രീതിയിൽ ധരിക്കുമ്പോൾ, ഏറ്റവും കൂടുതൽ സംരക്ഷണം നൽകുന്നത് National Institute for Occupational Safety and Health (NIOSH, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഒക്യൂപ്പേഷണൽ സേഫ്റ്റി ആൻഡ് ഹെൽത്ത് (എൻ.ഐ.ഒ.എസ്.എച്ച്.) അംഗീകരിച്ച (ഇംഗ്ലീഷിൽ മാത്രം) (എൻ.95 പോലുള്ള) റെസ്പിറേറ്ററുകളാണ്. സുരക്ഷയുടെ കാര്യത്തിൽ ഇവയ്ക്കുശേഷമാണ് അന്താരാഷ്ട്ര റെസ്പിറേറ്ററുകളും (കെ.എൻ.95, കെ.എഫ്.94 പോലുള്ളവ) സർജിക്കൽ മാസ്കുകളും തുടർന്ന് തുണികൊണ്ടുള്ള മാസ്കുകളും വരുന്നത്. നിങ്ങൾ ഗുരുതരമായ കോവിഡ്-19 രോഗത്തിന്റെ അപകടസാദ്ധ്യതയിലാണെങ്കിൽ (ഇംഗ്ലീഷിൽ മാത്രം), ഒരു എൻ.ഐ.ഒ.എസ്.എച്ച്.-അംഗീകൃത റെസ്പിറേറ്ററിനായി നിങ്ങൾ ഫിറ്റ് ടെസ്റ്റ് നടത്തേണ്ടതുണ്ടോ അല്ലെങ്കിൽ ഫിറ്റ് ടെസ്റ്റിംഗ് ആവശ്യമില്ലാത്ത മറ്റ് റെസ്പിറേറ്റർ ഓപ്ഷനുകൾ പരിഗണിക്കണമോ എന്നതിനെക്കുറിച്ച് നിങ്ങളുടെ ആരോഗ്യപരിചരണ ദാതാവുമായി കൂടിയാലോചിക്കുക. ഫിറ്റ് ടെസ്റ്റിംഗിനെയും മാസ്ക് തിരഞ്ഞെടുക്കുന്നതിനെയും പറ്റി കൂടുതൽ അറിയാൻ, Washington State Department of Labor and Industries (L&I, വാഷിംഗ്ടൺ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ലേബർ ആൻഡ് ഇൻഡസ്ട്രീസിന്റെ (എൽ & ഐ) സ്വമേധയാ മാസ്ക് ധരിക്കുന്നതിനെക്കുറിച്ചുള്ള വെബ്പേജ് സന്ദർശിക്കുക (ചില അധിക ഭാഷകൾ ലഭ്യമാണ്).

വിവിധ തരം മാസ്കുകളെയും റെസ്പിറേറ്ററുകളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അവ എങ്ങനെ നിങ്ങൾക്ക് കൂടുതൽ ഇണങ്ങുന്ന രീതിയിലാക്കാം എന്നതിനെയും കുറിച്ച് കൂടുതൽ അറിയാൻ, വിവിധ തരം മാസ്കുകളും റെസ്പിറേറ്ററുകളും എന്നത് കാണുക (ചില അധിക ഭാഷകൾ ലഭ്യമാണ്). ധരിക്കാൻ സുഖപ്രദമാക്കുന്നതിനായി മാസ്കുകളിൽ മാറ്റങ്ങൾ വരുത്തുന്നത് ഉൾപ്പെടെ, വ്യത്യസ്ത തരം മാസ്കുകളും റെസ്പിറേറ്ററുകളും അണുക്കളെ എത്രത്തോളം ഫലപ്രദമായി ഫിൽട്ടർ ചെയ്യുന്നു എന്നതിനെക്കുറിച്ചുള്ള ചില വിവരങ്ങൾ ഈ വെബ് പേജ് നൽകുന്നു. (ഇംഗ്ലീഷിൽ മാത്രം) വളർച്ചാപരമോ, പെരുമാറ്റപരമോ ആയ പ്രശ്നങ്ങൾ അല്ലെങ്കിൽ രോഗാവസ്ഥകൾ കാരണം മാസ്ക് ധരിക്കാൻ കഴിയാത്ത ആളുകൾക്ക് ഡ്രേപ്പുള്ള ഫെയ്സ് ഷീൽഡ് ഉപയോഗിക്കാവുന്നതാണ്. ശരിയായി യോജിക്കുന്ന മാസ്ക് ധരിക്കുന്നത് അസഹനീയമാണെങ്കിൽ, ചൈൽഡ് കെയർ, ഡേ ക്യാമ്പ്, കെ -12 സജ്ജീകരണങ്ങളിലുള്ള കുട്ടികൾക്കും ഇവ ഉപയോഗിക്കാനാവും. എന്നിരുന്നാലും, ഏറ്റവും അനുയോജ്യമായ മാസ്ക് അല്ലെങ്കിൽ റെസ്പിറേറ്റർ ധരിക്കുന്നയാൾക്ക് ലഭിക്കുന്ന സംരക്ഷണം അതേ രീതിയിൽ ഇവ നൽകുന്നില്ലെന്ന് അംഗീകരിക്കേണ്ടതുണ്ട്. K-12 Schools, Child Care, Early Learning, Youth Development,

(കെ-12 സ്കൂളുകൾ, ചൈൽഡ് കെയർ, ഏർലി ലേണിംഗ്, യൂത്ത് ഡെവലപ്മെന്റ്), കൂടാതെ Day Camp (ഡേ ക്യാമ്പ്) പ്രോഗ്രാമുകൾ എന്നിവയ്ക്കായി Washington State Department of Health (WA DOH, വാഷിംഗ്ടൺ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്തിന്റെ (ഡബ്ല്യു.എ.ഡി.ഒ.എച്ച്) മാസ്ക് ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കാണുക.(ചില അധിക ഭാഷകൾ ലഭ്യമാണ്). പ്രത്യേക വിഭാഗം ആളുകളുടെ ഗ്രൂപ്പുകൾക്കായുള്ള CDC'യുടെ പരിഗണനകളും കാണുക ശ്വസന വാൽവുകളോ വെന്റുകളോ, ഒറ്റ ലെയർ തുണി മാസ്കുകൾ, ഒറ്റ ലെയർ തൂവാലകൾ അല്ലെങ്കിൽ ഗെയ്റ്ററുകൾ എന്നിവയുള്ള മാസ്കുകൾ ഉപയോഗിക്കരുതെന്ന് DOH ശുപാർശ ചെയ്യുന്നുണ്ട്.

L&I പ്രസിദ്ധീകരിച്ചിട്ടുള്ള (ഇംഗ്ലീഷ് മാത്രം) മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ശ്വസന വാൽവുകളുള്ള റെസ്പിറേറ്ററുകൾ ജോലിസ്ഥലങ്ങളിൽ ഉപയോഗിക്കാം.

മാസ്കുകളെപ്പറ്റി പതിവായി ചോദിക്കുന്ന ചോദ്യങ്ങളുടെ ഒരു ലിസ്റ്റിനായി ദയവായി DOH ന്റെ മാസ്കുകളെപ്പറ്റിയുള്ള വെബ്പേജ് (ഇംഗ്ലീഷ് മാത്രം) സന്ദർശിക്കുക.

ഈ പ്രമാണത്തിന്റെ ബാക്കി ഭാഗങ്ങളിലുടനീളം, മാസ്കുകളും റെസ്പിറേറ്ററുകളും എന്നതിനെ പൊതുവായി സൂചിപ്പിക്കാൻ മാസ്ക് എന്ന പദം ഉപയോഗിച്ചിരിക്കുന്നു.

## നിലവിലെ നിർദ്ദേശങ്ങളും ആരോഗ്യസംബന്ധമായ ഉത്തരവുകളും

നിലവിലെ പൊതു ഉത്തരവുകൾ പ്രകാരം ആരോഗ്യ പരിചരണ സജ്ജീകരണങ്ങൾ, മുതിർന്നവർക്കുള്ള ജയിലുകൾ, മുതിർന്നവർക്കുള്ള തടവറകൾ എന്നിവിടങ്ങളിൽ മാസ്കുകൾ ആവശ്യമാണ്. പകർച്ചവ്യാധികൾ പോലുള്ള ചില സാഹചര്യങ്ങളിൽ പൊതുജനാരോഗ്യ അധികൃതർക്ക് മാസ്കുകൾ ആവശ്യമായി വന്നേക്കാം.

### വാഷിംഗ്ടൺ സ്റ്റേറ്റ് Department of Health ഉത്തരവ്

ദ സെക്രട്ടറി ഓഫ് ഹെൽത്ത് മാസ്ക് ഉത്തരവ് (ഇംഗ്ലീഷ് മാത്രം) പ്രകാരം വാക്സിനേഷൻ എടുത്തതിന്റെ നില പരിഗണിക്കാതെ, ചില പ്രത്യേക സജ്ജീകരണങ്ങളിൽ മാസ്ക് ധരിക്കണം

- ആരോഗ്യ പരിചരണ സജ്ജീകരണങ്ങൾ
- മുതിർന്നവർക്കുള്ള ജയിലും ജയിൽ സൗകര്യങ്ങളുമുള്ള ഒരു കൗണ്ടിയിൽ ഇടത്തരം അല്ലെങ്കിൽ ഉയർന്ന CDC കോവിഡ് -19 കമ്മ്യൂണിറ്റി ലെവൽ ഉള്ളപ്പോൾ (സ്പാനിഷ് ലഭ്യമാണ്)

ഈ നിബന്ധനയ്ക്ക് പരിമിതമായ അപവാദങ്ങളുണ്ട്; ഇവ ഉത്തരവിൽ ക്രമത്തിൽ കാണാം (ഇംഗ്ലീഷ് മാത്രം). ആരോഗ്യ പരിചരണ സജ്ജീകരണങ്ങളിൽ മുറിക്കുള്ളിലായിരിക്കുമ്പോൾ ആരോഗ്യ പരിപാലന ഉദ്യോഗസ്ഥർക്ക് പുറമേ, എല്ലാ ജീവനക്കാരും സന്ദർശകരും മാസ്ക് ധരിക്കേണ്ടതുണ്ട്. ഇത് അനുസരിക്കുന്നതിന് ഓരോ വ്യക്തിക്കും ഉത്തരവാദിത്തമുണ്ട്. അതോടൊപ്പം ജീവനക്കാരുമായും ഉപഭോക്താക്കളുമായും ഈ ഉത്തരവ് നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം ബിസിനസുകൾക്കുമുണ്ട്.

### നീക്കം ചെയ്തത്: ഫെഡറൽ ഓർഡർ

2022 ഏപ്രിൽ 18-ലെ, ഒരു കോടതി ഉത്തരവിന്റെ ഫലമായി, പൊതുഗതാഗതത്തിലും ഗതാഗത കേന്ദ്രങ്ങളിലും മാസ്കുകൾ ആവശ്യമാണെന്നുള്ള CDC ഉത്തരവ് ഇപ്പോൾ പ്രാബല്യത്തിൽ ഇല്ല. എന്നിരുന്നാലും, എല്ലാവർക്കും യാത്രയും പൊതുഗതാഗതവും സുരക്ഷിതമായി നിലനിർത്തുന്നതിനുള്ള ഒരു പ്രധാന ഉപകരണമാണ് മാസ്കുകൾ എന്നുപറയാം CDC യുമായി ഒത്തുചേർന്ന് (ചില അധിക ഭാഷകൾ ലഭ്യമാണ്), രണ്ട് വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള തൊഴിലാളികളും യാത്രക്കാരും എല്ലാ പൊതുഗതാഗത സജ്ജീകരണങ്ങളുടെയും അകത്ത് മാസ്കുകൾ ധരിക്കണമെന്ന് WA DOH ശുപാർശ ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പൊതു ഗതാഗത സജ്ജീകരണങ്ങൾ കാണുക.

### വാഷിംഗ്ടൺ സ്റ്റേറ്റ് ഗവർണറുടെ പ്രഖ്യാപനം

ഉപഭോക്താക്കളുടെയും ജീവനക്കാരുടെയും ബിസിനസ്സ് ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഗവർണറുടെ Governor's Proclamation 20-25.19 COVID-19 Washington Ready (പ്രഖ്യാപനം 20-25.19 കോവിഡ് -19 വാഷിംഗ്ടൺ റെഡി) (ഇംഗ്ലീഷ് മാത്രം), കൂടാതെ Proclamation 21-08 – Safe Workers (പ്രഖ്യാപനം 21-08 - സുരക്ഷിത തൊഴിലാളികൾ) (ഇംഗ്ലീഷ് മാത്രം) എന്നിവയിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

### Washington State Labor and Industries (L&I) കൂടാതെ ഗവർണറുടെ പ്രഖ്യാപനം

മുകളിൽ പട്ടികപ്പെടുത്തിയ ഗവർണറുടെ പ്രഖ്യാപനം അനുസരിച്ച് മിക്ക തൊഴിലിടങ്ങളിലും മാസ്കുകൾ സാധാരണയായി ആവശ്യമില്ലെങ്കിലും, കോവിഡ് -19 തടയുന്നതിനുള്ള L&I ആവശ്യകതകളും മാർഗ്ഗനിർദ്ദേശങ്ങളും (ഇംഗ്ലീഷ് മാത്രം) പാലിക്കാൻ തൊഴിലുടമകൾ ബാധ്യസ്ഥരാണ് കൂടാതെ, സ്വകാര്യ ബിസിനസ്സുകൾക്ക് ആവശ്യമുള്ള മാസ്കുകൾ ആവശ്യമാണെന്ന് തിരഞ്ഞെടുക്കാവുന്നതും സന്ദർശകർ ആ നിയമങ്ങൾ മാനിക്കാൻ ബാധ്യസ്ഥരാകുന്നതുമാണ്. ഗവർണറുടെ Proclamation 21-08 – Safe Workers (പ്രഖ്യാപനം 21-08-സുരക്ഷിത തൊഴിലാളികൾ) (ഇംഗ്ലീഷ് മാത്രം), പ്രകാരം, ജോലിസ്ഥലത്ത് മാസ്ക് ധരിക്കാൻ തൊഴിലാളികൾക്ക് അവകാശമുണ്ട്. Washington Administrative Code (WAC, വാഷിംഗ്ടൺ അഡ്മിനിസ്ട്രേഷൻ കോഡ് 296-62-609 ) (ഇംഗ്ലീഷ് മാത്രം), പൊതുജനാരോഗ്യ അടിയന്തര സാഹചര്യങ്ങളിൽ മാസ്ക് ധരിക്കാനുള്ള തൊഴിലാളിയുടെ അവകാശം സംരക്ഷിക്കുന്നു. WAC 296-62-609 അനുസരിച്ച് (ഇംഗ്ലീഷ് മാത്രം), നിയമം കഷ്ടിച്ച് അനുവദിക്കുമ്പോളൊഴികെ, മാസ്ക്, റെസ്പിറേറ്ററുകൾ അല്ലെങ്കിൽ മറ്റ് വ്യക്തിഗത സംരക്ഷണ ഉപകരണങ്ങളോ മാർഗ്ഗങ്ങളോ ധരിക്കുന്നതിൽ നിന്ന് തൊഴിലുടമകൾക്ക് ജീവനക്കാരെ തടയാൻ കഴിയില്ല.L&I.യുടെ കോവിഡ്-19 പ്രതിരോധം കാണുക: നിങ്ങൾക്ക് ആവശ്യമില്ലാത്തപ്പോഴും ജോലിസ്ഥലത്ത് മാസ്ക് ധരിക്കേണ്ടതിനെപ്പറ്റിയുള്ള (ചില അധിക ഭാഷകൾ ലഭ്യമാണ്) കൂടുതൽ വിവരങ്ങൾക്ക്.

### പ്രാദേശിക പൊതുജനാരോഗ്യ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും

പ്രാദേശിക ആരോഗ്യ ഉദ്യോഗസ്ഥർക്ക് അവരുടെ അധികാരപരിധിക്കുള്ളിൽ രോഗങ്ങൾ നിയന്ത്രിക്കാൻ ആരോഗ്യ ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരമുണ്ട്. ഇവ സംസ്ഥാനവ്യാപക ഉത്തരവുകളേക്കാൾ കൂടുതൽ കർശനമായേക്കാം, എന്നാൽ കുറവായിരിക്കാൻ ഇടയില്ല. നിങ്ങളുടെ പ്രാദേശിക ആരോഗ്യ അധികാരപരിധി (ഇംഗ്ലീഷ് മാത്രം) പരിശോധിക്കുകയും ആ പ്രദേശത്ത് നിലവിലുള്ള എല്ലാ ആരോഗ്യ ഉത്തരവുകളും പാലിക്കുകയും ചെയ്യുക.

## ശുപാർശകൾ

മുകളിലെ നിർദ്ദിഷ്ട ആവശ്യകതകൾക്ക് പുറമേയുള്ള പൊതുവായ പൊതുജനാരോഗ്യ ശുപാർശകൾ താഴെ ചേർക്കുന്നു.

### പൊതുഗതാഗത സജ്ജീകരണങ്ങൾ

പൊതുഗതാഗത സംവിധാനങ്ങൾ (വിമാനങ്ങൾ, ബസ്സുകൾ, ട്രെയിനുകൾ, ഫെറികൾ, സബ്‌വേകൾ, ടാക്സികൾ, റൈഡ് ഷെയറുകൾ, അടിയന്തിരമല്ലാത്ത മെഡിക്കൽ ഗതാഗതം എന്നിവ പോലുള്ളവ), ഹബ്ബുകൾ (വിമാനത്താവളങ്ങൾ, ബസ് അല്ലെങ്കിൽ ഫെറി ടെർമിനലുകൾ, ട്രെയിൻ അല്ലെങ്കിൽ സബ്‌വേ സ്റ്റേഷനുകൾ, തുറമുഖങ്ങൾ പോലുള്ളവ) ഉൾപ്പെടെയുള്ള ഇൻഡോർ പൊതുഗതാഗത സജ്ജീകരണങ്ങളിൽ (ചില അധിക ഭാഷകൾ ലഭ്യമാണ്) തൊഴിലാളികളും രണ്ട് വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള യാത്രക്കാരും, ഏറ്റവും അനുയോജ്യമായ മാസ്ക് അല്ലെങ്കിൽ റെസ്പിറേറ്റർ ധരിക്കണമെന്ന് WA DOH ശുപാർശ ചെയ്യുന്നു. ഇവ നിരവധി ആളുകൾ കടന്നുപോകുന്ന, തിരക്കേറിയതും ഒപ്പം / അല്ലെങ്കിൽ വായുസഞ്ചാരം കുറഞ്ഞതുമായ (എയർപോർട്ട് ജെറ്റ് വേകൾ പോലുള്ളവ) സജ്ജീകരണങ്ങളാണ്. ഏറ്റവും അനുയോജ്യമായ മാസ്ക് അല്ലെങ്കിൽ റെസ്പിറേറ്റർ ധരിച്ചുകൊണ്ട് യാത്രക്കാർക്കും തൊഴിലാളികൾക്കും യാത്രയിൽ, പ്രത്യേകിച്ച് പൊതുഗതാഗത സംവിധാനത്തിലുള്ള യാത്രയിൽ സ്വയമായും ചുറ്റുമുള്ളവരുടെയും സുരക്ഷിതത്വവും സംരക്ഷണവും നിലനിർത്താൻ സാധിക്കും. കൂടുതൽ വിശദാംശങ്ങൾക്കായി പൊതുഗതാഗത സംവിധാനങ്ങളിൽ ഫെയ്സ് മാസ്കുകൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട CDC മാർഗ്ഗനിർദ്ദേശങ്ങൾ (ചില അധിക ഭാഷകളിലും ലഭ്യമാണ്) ദയവായി കാണുക. എന്നാൽ മുൻപ് ആവശ്യമായിരുന്നത് ഇപ്പോൾ ശുപാർശകളാണെന്നത് ശ്രദ്ധിക്കുക. സ്കൂൾ ബസ്സുകളിലെ മാസ്ക് ഉപയോഗത്തിന്റെ മാർഗ്ഗനിർദ്ദേശത്തിനായി K-12 Schools, Child Care, Early Learning, Youth Development (കെ -12 സ്കൂളുകൾ, ചൈൽഡ് കെയർ, ഏർലി ലേണിംഗ്, യൂത്ത് ഡെവലപ്മെന്റ്), കൂടാതെ Day Camp (ഡേ ക്യാമ്പ്) പ്രോഗ്രാമുകൾ (wa.gov) എന്നിവയിൽ കോവിഡ്-19 വ്യാപനം ലഘൂകരിക്കുന്നതിനുള്ള ആവശ്യകതകളും മാർഗ്ഗനിർദ്ദേശങ്ങളും എന്നത് കാണുക (ചില അധിക ഭാഷകളിലും ലഭ്യമാണ്).എല്ലാവരും മാസ്ക് ധരിക്കുന്നതിനെ പിന്തുണയ്ക്കുന്നതിനായി, പൊതു ഗതാഗതസംവിധാനങ്ങളുടെ ഓപ്പറേറ്റർമാരെ WA DOH പ്രോത്സാഹിപ്പിക്കുന്നുണ്ട്.

### ആരോഗ്യ പരിപാലന സജ്ജീകരങ്ങളിലെ മാസ്കിംഗ്

ആരോഗ്യ സെക്രട്ടറിയുടെ മാസ്ക് ഉത്തരവ് (ഇംഗ്ലീഷിൽ മാത്രം) അനുസരിച്ച് ആരോഗ്യ പരിപാലന സജ്ജീകരണങ്ങളിൽ മാസ്ക് ധരിച്ചിരിക്കേണ്ടതാണ്. എല്ലാ ആരോഗ്യപരിചരണ സജ്ജീകരണങ്ങൾക്കും, വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളും ഉറവിട നിയന്ത്രണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആരോഗ്യപരിചരണ സജ്ജീകരണങ്ങളിൽ സാർസ്-കോവി- 2 അണുബാധ തടയലും നിയന്ത്രണവും എന്നിവയ്ക്കായുള്ള ഇടക്കാല ശുപാർശകൾ DOH 420-391 (wa.gov) (ഇംഗ്ലീഷിൽ മാത്രം) എന്നതിൽ പ്രാപ്യമാക്കാൻ കഴിയും.

## ആരോഗ്യപരിചരണ സജ്ജീകരണങ്ങളിലല്ലാതെ ആളുകളൊത്തുകൂടുന്ന മറ്റുള്ള ഇടങ്ങളിൽ മാസ്കുകൾ ധരിക്കുന്നത് സംബന്ധിച്ച ശുപാർശകൾ

CDC കോവിഡ്-19 കമ്മ്യൂണിറ്റി തലം (സ്പാനിഷിൽ ലഭ്യമാണ്) താഴെ പറയുന്ന ഇടങ്ങളിൽ ഇടത്തരമോ ഉയർന്നതോ ആണെങ്കിൽ, രണ്ട് വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള ആളുകൾ അകത്തളങ്ങളിലും മാസ്ക് ഉപയോഗിക്കണമെന്ന് ശുപാർശ ചെയ്യുന്നു:

- ഭവനരഹിത സേവന ദാതാക്കളുടെ സൈറ്റുകൾ (ഇംഗ്ലീഷിൽ മാത്രം)
- വാണിജ്യാവശ്യത്തിനുള്ള സമുദ്രസഞ്ചാര സംവിധാനങ്ങൾ (ഇംഗ്ലീഷിൽ മാത്രം) (ഉദാഹരണത്തിന്, വാണിജ്യ സമുദ്രോത്പന്ന കപ്പലുകൾ, ചരക്ക് കപ്പലുകൾ, ക്രൂയിസ് കപ്പലുകൾ)
- വെയർഹൗസുകൾ, ഫാക്ടറികൾ, ഭക്ഷണം പായ്ക്ക് ചെയ്യുന്ന ഇടങ്ങൾ, മാംസ സംസ്കരണം നടത്തുന്ന ഫാക്ടറികൾ, തൊഴിലുടമ നൽകുന്ന ഗതാഗതസൗകര്യം എന്നിങ്ങനെ ജോലിയുടെ സ്വഭാവം കാരണം ശാരീരിക അകലം പാലിക്കൽ സാധ്യമല്ലാത്ത തിരക്കേറിയ സ്ഥലങ്ങൾ.
- വർക്ക് റിലീസ് സൈറ്റുകൾ, പരിവർത്തന കേന്ദ്രങ്ങൾ, കുട്ടികൾക്കുള്ള പുനരധിവാസ അല്ലെങ്കിൽ തടങ്കൽ സൗകര്യങ്ങൾ, താൽക്കാലിക തൊഴിലാളികളുടെ വീടുകൾ എന്നിവയുൾപ്പെടെ ആളുകൾ കൂട്ടമായി താമസിക്കുന്ന ഭവനങ്ങളിലെ എല്ലാവരും ഉപയോഗിക്കുന്ന സ്വീകരണ മുറികൾ (കിടപ്പുമുറികളല്ല)
- മുതിർന്നവരുടെ ജയിലുകൾ, തടവറകൾ, കുട്ടികളുടെ പുനരധിവാസ അല്ലെങ്കിൽ തടങ്കൽ കേന്ദ്രങ്ങൾ (ഉദാഹരണത്തിന്, കോടതി മുറികൾ) എന്നിവ പോലെ ആളുകൾ ബന്ധനത്തിലായിരിക്കുന്ന സ്ഥലങ്ങളിലെ അകത്തളങ്ങൾ
    - CDC കോവിഡ് -19 കമ്മ്യൂണിറ്റി തലം (സ്പാനിഷിൽ ലഭ്യമാണ്) ഇടത്തരം അല്ലെങ്കിൽ ഉയർന്നതാണെങ്കിൽ അഞ്ച് വയസ്സും അതിൽ കൂടുതലും പ്രായമുള്ള ആളുകൾ ജയിലുകളിലും തടവറകളിലും മാസ്ക് ധരിക്കണമെന്ന് ആരോഗ്യ സെക്രട്ടറിയുടെ ഉത്തരവ് ആവശ്യപ്പെടുന്നു എന്നത് ശ്രദ്ധിക്കുക.
    - ഫെസിലിറ്റി-തല ഘടകങ്ങൾ (മറ്റു ചില ഭാഷകളിലും ലഭ്യമാണ്) വർദ്ധിതമായ അപകടസാധ്യത സൂചിപ്പിക്കുമ്പോൾ മാസ്ക് ധരിക്കേണ്ടത് പരിഗണിക്കാനും കറക്ഷണൽ ഫെസിലിറ്റികളോടു ശുപാർശ ചെയ്യുന്നു.

ഇത്തരം സംവിധാനങ്ങളിൽ താമസിക്കുന്നവരോ ജോലി ചെയ്യുന്നവരോ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ അല്ലാത്തപ്പോൾ (ഉദാഹരണത്തിന്, കമ്മ്യൂണിറ്റിക്ക് പുറത്തുള്ളപ്പോൾ) പൊതുജനങ്ങൾക്ക് നൽകിയ അതേ നിർദ്ദേശങ്ങൾ പിന്തുടരണം.

ആരോഗ്യ പരിപാലനേതര സ്ഥാപനങ്ങൾക്ക് (ബിസിനസ്സുകളും സംഘടനകളും പോലുള്ളവ) അവരുടെ സൗകര്യങ്ങളിൽ മാസ്ക് ധരിക്കേണ്ടത് ആവശ്യമായി വന്നേക്കാം. ഈ സ്ഥാപനങ്ങൾ അവയുടെ സംവിധാനങ്ങൾക്കുള്ളിൽ മാസ്കുകൾ ധരിക്കേണ്ടത് ആവശ്യമുണ്ടോ എന്ന് തീരുമാനിക്കുമ്പോൾ ഇനിപ്പറയുന്ന ഓരോ ഘടകങ്ങളും പരിഗണിക്കണം:

- ഈ സംവിധാനത്തിലെ ആളുകളുടെ രോഗബാധയേല്ക്കാനുള്ള പ്രവണത
    - കോവിഡ് -19 വാക്സിനുകളെ സംബന്ധിച്ച ഏറ്റവും പുതിയ വിവരം അറിയാത്തവർക്ക് (മറ്റു ചില ഭാഷകളിലും ലഭ്യമാണ്) കോവിഡ് -19 പിടിപെടാനും അത് ഗുരുതര രോഗമായി മാറാനും കൂടുതൽ സാധ്യതയുണ്ട്.
    - ചില മെഡിക്കൽ അവസ്ഥകളുള്ള (മറ്റു ചില ഭാഷകളിലും ലഭ്യമാണ്) ആളുകൾക്ക് കോവിഡ് -19 ഗുരുതരമാകാനുള്ള ഉയർന്ന അപകടസാധ്യതയുണ്ട്.
- സജ്ജീകരത്തിലെ വായുസഞ്ചാരത്തിന്റെ ഗുണനിലവാരം - വിവരങ്ങൾക്കും കെട്ടിടത്തിലെ ശുദ്ധവായുവും താപനം, വായുസഞ്ചാരം, എയർ കണ്ടീഷനിംഗ് (എച്ച്.വി.എ.സി.) സംവിധാനങ്ങൾ ഉള്ളതും ഇല്ലാത്തതുമായ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വെന്റിലേഷൻ ഓപ്ഷനുകൾക്കും കാണുക വായുവിലൂടെ പകരുന്ന രോഗങ്ങളുടെ സംക്രമണം കുറയ്ക്കുന്നതിനുള്ള വായുസഞ്ചാരവും വായുവിന്റെ ഗുണനിലവാരവും (ഇംഗ്ലീഷിൽ മാത്രം) കൂടാതെ കെട്ടിടങ്ങളിലെ ശുദ്ധവായു വെല്ലുവിളി, Environmental Protection Agency (EPA എൻവയൺമെന്റൽ പ്രൊട്ടക്ഷൻ ഏജൻസി (ഇ.പി.എ.) (ഇംഗ്ലീഷിൽ മാത്രം).
- സജ്ജീകരണത്തിൽ ശാരീരിക അകലം പാലിക്കാനുള്ള ആളുകളുടെ കഴിവ്
- ഇത്തരം സ്ഥലങ്ങളിൽ കോവിഡ്-19-ന്റെ സംശയാസ്പദമായതോ സ്ഥിരീകരിച്ചതോ ആയ വ്യാപനം
    - ആരോഗ്യ പരിപാലനേതര കേന്ദ്രങ്ങളിൽ മഹാമാരി പൊട്ടിപ്പുറപ്പെടുമ്പോൾ അകത്തളങ്ങളിലെ മാസ്ക് ഉപയോഗം ശക്തമായി ശുപാർശ ചെയ്യുന്നു.

സാമൂഹ്യാടിസ്ഥാനത്തിൽ CDC കോവിഡ് -19 കമ്മ്യൂണിറ്റി തലം (ചില അധിക ഭാഷകളിലും ലഭ്യമാണ്) ഉയർന്നിരിക്കുമ്പോൾ, വാക്സിനേഷൻ നില പരിഗണിക്കാതെ എല്ലാ ആളുകളും വീടിനുള്ളിൽ മാസ്ക്

ധരിക്കണമെന്ന് CDC യും  DOH ഉം ശുപാർശ ചെയ്യുന്നു. വ്യക്തികൾ മാസ്ക് ധരിക്കാൻ തീരുമാനിച്ചാൽ സ്ഥാപനങ്ങൾ അവരെ നിരുത്സാഹപ്പെടുത്തരുത്. വ്യക്തിഗതമായി മാസ്ക് ധരിക്കണമെന്ന ശുപാർശകൾക്കും അപകടസാധ്യതയെ അടിസ്ഥാനമാക്കിയുള്ള പരിഗണനകൾക്കും ചുവടെ കാണുക.

## വ്യക്തിഗത മാസ്ക് ശുപാർശകൾ

രോഗലക്ഷണങ്ങൾ ഉള്ളവരോ ടെസ്റ്റിൽ പോസിറ്റീവ് ആയവരോ അല്ലെങ്കിൽ കോവിഡ് -19 ഉള്ള ഒരാളുമായി രോഗംപകരാനുള്ള സാദ്ധ്യതയോടെ സമ്പർക്കം പുലർത്തിയവരോ ആയ ആളുകൾ കോവിഡ് -19 പരിശോധന പോസിറ്റീവ് ആണെങ്കിൽ എന്തു ചെയ്യണം (ചില അധിക ഭാഷകളിലും ലഭ്യമാണ്) കോവിഡ്-19 രോഗലക്ഷണ തീരുമാന വൃക്ഷങ്ങൾ (ചില അധിക ഭാഷകളിലും ലഭ്യമാണ്) കൂടാതെ അല്ലെങ്കിൽ കോവിഡ് -19 ഉള്ള ഒരാളുമായി രോഗംപകരാനുള്ള സാദ്ധ്യതയോടെ താങ്കൾ സമ്പർക്കം പുലർത്തിയാൽ എന്തു ചെയ്യണം (മറ്റു ചില ഭാഷകളിലും ലഭ്യമാണ്) എന്നിവയ്ക്ക് അനുസൃതമായി ഉയർന്ന നിലവാരമുള്ള മാസ്കോ റെസ്പിറേറ്ററോ ധരിക്കണം. വ്യക്തികൾ അവരായിരിക്കുന്ന സജ്ജീകരണങ്ങളിൽ ആവശ്യമെങ്കിൽ നിലവിലെ നിർദ്ദേശങ്ങളും ആരോഗ്യസംബന്ധമായ ഉത്തരവുകളും. അനുസരിച്ച് മാസ്ക് ധരിക്കണം.

ഏത് സാഹചര്യത്തിലും, നിങ്ങൾക്ക് മാസ്ക് ധരിക്കുന്നതാണെന്ന് തീരുമാനിക്കാവുന്നതാണ്. മാസ്ക് ധരിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുമ്പോൾ ഇനിപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കുക:

- നിങ്ങളുടെയും നിങ്ങളുടെ ചുറ്റുമുള്ളവരുടെയും വാക്സിനേഷൻ അവസ്ഥ. കോവിഡ് -19 വാക്സിനുകളെയും ബൂസ്റ്ററുകളെയും സംബന്ധിച്ച ഏറ്റവും പുതിയ വിവരം അറിയാത്തവർക്ക് (മറ്റു ചില ഭാഷകളിലും ലഭ്യമാണ്) കോവിഡ് -19 പിടിപെടാനും ഗുരുതര രോഗങ്ങളുണ്ടാവാനും കൂടുതൽ സാധ്യതയുണ്ട്.
- നിങ്ങളുടെ വൈദ്യശാസ്ത്രപരമായ അവസ്ഥകളും (ചില അധിക ഭാഷകളിലും ലഭ്യമാണ്).  ഗുരുതരമാ കോവിഡ്-19 രോഗസാധ്യതയുടെ വർദ്ധിതമായ അപകടസാദ്ധ്യതയിലുള്ള നിങ്ങളുടെയും (ചില അധിക ഭാഷകളിലും ലഭ്യമാണ്) ചുറ്റുമുള്ളവരുടെയും വൈദ്യശാസ്ത്രപരമായ അവസ്ഥകളും.  ചില ആരോഗ്യപ്രശ്നങ്ങളുള്ള ആളുകൾക്ക് കോവിഡ്-19-നും ഗുരുതരമായ മറ്റ് രോഗങ്ങൾക്കും സാധ്യത കൂടുതലാണ്.
- നിങ്ങളുടെ ചുറ്റുപാടുകളുടെ സവിശേഷതകൾ (ഉദാഹരണത്തിന്, തിരക്കേറിയത്, വായുസഞ്ചാരമില്ലാത്തത്, വീടിനുള്ളിലുള്ളവ).
- CDC കോവിഡ്-19 കമ്മ്യൂണിറ്റി തലം (മറ്റു ചില ഭാഷകളിലും   ലഭ്യമാണ്)
    - രോഗങ്ങളുടെ സാമൂഹിക തലം ഉയർന്നിരിക്കുമ്പോൾ, വാക്സിനേഷൻ നില കണക്കിലെടുക്കാതെ, വീടിനുള്ളിൽ മാസ്ക് ധരിക്കാൻ CDC യും WA DOH ഉം ശുപാർശ ചെയ്യുന്നു.
    - രോഗങ്ങളുടെ സാമൂഹിക തലം ഇടത്തരം അല്ലെങ്കിൽ ഉയർന്നതായിരിക്കുമ്പോൾ, കോവിഡ് -19 മൂലം വളരെയധികം അസുഖത്തിലാകാൻ ഉയർന്ന അപകടസാധ്യതയുള്ള ആളുകൾ (മറ്റു ചില ഭാഷകളിലും ലഭ്യമാണ്) പൊതുസ്ഥലത്തോ  അകത്തളങ്ങളിലോ ഇരിക്കുമ്പോൾ ഉയർന്ന ഗുണനിലവാരമുള്ള മാസ്കോ റെസ്പിറേറ്ററോ ധരിക്കണമെന്ന്,  , CDC യും WA DOH യും ശുപാർശ ചെയ്യുന്നു. വളരെയധികം അസുഖത്തിലാകാൻ ഉയർന്ന അപകടസാധ്യതയുള്ള ആരെങ്കിലുമായി ഗാർഹികമോ സാമൂഹികമോ ആയ സമ്പർക്കമുള്ള ആളുകൾ അവരോടൊപ്പം വീടിനുള്ളിൽ പോകുമ്പോൾ ഉയർന്ന ഗുണനിലവാരമുള്ള മാസ്ക് ധരിക്കുന്നത് പരിഗണിക്കണം

## കൂടുതൽ കോവിഡ്-19 വിവരങ്ങളും വിഭവങ്ങളും

വാഷിംഗ്ടണിലെ നിലവിലെ കോവിഡ് -19 സാഹചര്യം (ഇംഗ്ലീഷിൽ മാത്രം), ഗവർണർ Inslee യുടെ പ്രഖ്യാപനങ്ങൾ (ഇംഗ്ലീഷിൽ മാത്രം), രോഗലക്ഷണങ്ങൾ (ചില അധിക ഭാഷകളിലും ലഭ്യമാണ്),, അത് എങ്ങനെ വ്യാപിക്കുന്നു  (ചില അധിക ഭാഷകളിലും ലഭ്യമാണ്),, ആളുകൾ എങ്ങനെ, എപ്പോൾ പരിശോധന നടത്തണം (സ്പാനിഷിൽ ലഭ്യമാണ്), കൂടാതെ വാക്സിനുകൾ എവിടെ കണ്ടെത്തണം (സ്പാനിഷിൽ ലഭ്യമാണ്) എന്നിവയെക്കുറിച്ച് ഏറ്റവും പുതിയ വിവരങ്ങൾ അറിഞ്ഞുകൊണ്ടിരിക്കുക. കൂടുതൽ വിവരങ്ങൾക്ക്, ഞങ്ങളുടെ പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ (ഇംഗ്ലീഷിൽ മാത്രം) കാണുക.

ഒരു വ്യക്തിയുടെ വർഗ്ഗം / വംശീയത അല്ലെങ്കിൽ ദേശീയത എന്നിവ അവരെ കോവിഡ് -19 പിടിപെടാനുള്ള ഉയർന്ന അപകടസാദ്ധ്യതയിലാക്കുന്നില്ല. എന്നിരുന്നാലും, വെള്ളക്കാരല്ലാത്തവരെ ആനുപാതികമായല്ലാത്ത വിധം കൂടുതലായി കോവിഡ് -19 ബാധിക്കുന്നുവെന്ന് ഡാറ്റ വെളിപ്പെടുത്തുന്നു. ഇതിനു കാരണം വംശീയതയുടെ , പ്രത്യേകിച്ച് ചില വിഭാഗങ്ങളെ തങ്ങളെയും തങ്ങളുടെ സമൂഹത്തെയും സംരക്ഷിക്കാനുള്ള കുറഞ്ഞ അവസരങ്ങളിലാക്കുന്ന ഘടനാപരമായ വംശീയതയുടെ പ്രഭാവങ്ങൾ ആണ്. അസുഖത്തിനെതിരെ പോരാടാൻ

അപകീർത്തി സഹായിക്കില്ല (ഇംഗ്ലീഷിൽ മാത്രം). കിംവദന്തികളും തെറ്റായ വിവരങ്ങളും പടരാതിരിക്കാൻ കൃത്യമായ വിവരങ്ങൾ മറ്റുള്ളവരുമായി പങ്കിടുക.

- ഡബ്ല്യൂ.എ. സംസ്ഥാന Department of Health 2019 നോവൽ കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടൽ (കോവിഡ്-19) (ഇംഗ്ലീഷിൽ മാത്രം)
- ഡബ്ല്യൂ.എ. സംസ്ഥാന കൊറോണ വൈറസ് പ്രതികരണം (കോവിഡ്-19) (ചില അധിക ഭാഷകളിലും ലഭ്യമാണ്)
- നിങ്ങളുടെ പ്രാദേശിക ആരോഗ്യ വകുപ്പ് അല്ലെങ്കിൽ ജില്ല കണ്ടെത്തുക (ഇംഗ്ലീഷിൽ മാത്രം)
- CDC കൊറോണ വൈറസ് (കോവിഡ്-19) (ചില അധിക ഭാഷകളിലും ലഭ്യമാണ്)

കൂടുതൽ ചോദ്യങ്ങളുണ്ടോ**?** ഞങ്ങളുടെ കോവിഡ്-19 ഇൻഫർമേഷൻ ഹോട്ട് ലൈനിലേക്ക് **1-800-525-0127**എന്ന നമ്പറിൽ വിളിക്കുക ഹോട്ട് ലൈൻ സേവനം ലഭ്യമാകുന്ന സമയങ്ങൾ:

- തിങ്കളാഴ്ച രാവിലെ 6 മുതൽ രാത്രി 10 വരെ.
- ചൊവ്വ മുതൽ ഞായർ വരെ രാവിലെ 6 മുതൽ വൈകിട്ട് 6 വരെ.
- ആചരിക്കപ്പെടുന്ന സംസ്ഥാന അവധി ദിനങ്ങളിൽ (ഇംഗ്ലീഷിൽ മാത്രം) രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ.

ദ്വിഭാഷാ സേവനങ്ങൾക്കായി, അവർ മറുപടി നൽകുമ്പോൾ **#** അമർത്തുകയും നിങ്ങളുടെ ഭാഷ പറയുകയും ചെയ്യുക**.** നിങ്ങളുടെ സ്വന്തം ആരോഗ്യത്തെയോ പരിശോധനാ ഫലങ്ങളെയോ കുറിച്ചുള്ള ചോദ്യങ്ങൾക്ക്, ദയവായി ഒരു ആരോഗ്യ പരിപാലന ദാതാവിനെ ബന്ധപ്പെടുക.

മറ്റൊരു ഫോർമാറ്റിൽ ഈ പ്രമാണത്തിനായി അഭ്യർത്ഥിക്കുന്നതിന്, 1-800-525-0127.എന്ന നമ്പറിൽ വിളിക്കുക. ബധിരരോ കേൾവിക്കുറവുള്ളവരോ ആയ ഉപഭോക്താക്കൾ, ദയവായി 711 (Washington Relay) യിലേക്ക് വിളിക്കുക അല്ലെങ്കിൽ civil.rights@doh.wa.gov എന്നതിലേക്ക് ഇമെയിൽ അയയ്ക്കുക.

## അനുബന്ധം എ

ആരോഗ്യ പരിചരണ സജ്ജീകരണം

ആരോഗ്യ സെക്രട്ടറിയുടെ മാസ്ക് ഉത്തരവ് (ഇംഗ്ലീഷിൽ മാത്രം) അനുസരിച്ച്, ആരോഗ്യ പരിചരണ സജ്ജീകരണങ്ങളും ദീർഘകാല പരിചരണ സജ്ജീകരണങ്ങളും, ചില ഒഴിവാക്കലുകളോടെ, ജനങ്ങൾക്ക് വ്യക്തിഗത ആരോഗ്യ പരിരക്ഷാ സേവനങ്ങൾ നൽകുന്നതിന് പ്രാഥമികമായി ഉപയോഗിക്കുന്ന ഏതെങ്കിലും പൊതു അല്ലെങ്കിൽ സ്വകാര്യ സജ്ജീകരണങ്ങളാണ്. പ്രാഥമികമായി ഒരു ആശുപത്രി പോലുള്ള ആരോഗ്യ പരിപാലന സേവനങ്ങൾ നൽകുന്നതിനായി ഉപയോഗിക്കുന്ന ഒരു സൗകര്യത്തിലാണെങ്കിൽ, അവിടത്തെ മുഴുവൻ സൗകര്യവും ഒരു ആരോഗ്യ പരിപാലന സംവിധാനം അല്ലെങ്കിൽ ദീർഘകാല പരിചരണ ക്രമീകരണമാണെങ്കിൽ, മുഖം മറയ്ക്കുന്നത് സംബന്ധിച്ച ഉത്തരവിലെ ഒഴിവാക്കലുകൾക്കും ഇളവുകൾക്കും വിധേയമായി അവിടങ്ങളിൽ ഉടനീളം മുഖാവരണങ്ങൾ ധരിക്കണം. ഒരു പലചരക്ക് കടയിലെ ഒരു ഫാർമസി അല്ലെങ്കിൽ ഒരു സ്കൂൾ നഴ്സിന്റെ ഓഫീസ് പോലുള്ള മറ്റൊരു ഉദ്ദേശ്യത്തിനായി പ്രാഥമികമായി ഉപയോഗിക്കുന്ന ഒരു ഫെസിലിറ്റിയിലാണ് സ്ഥിതിചെയ്യുന്നതെങ്കിൽ, ആരോഗ്യ പരിചരണ സജ്ജീകരണം അല്ലെങ്കിൽ ദീർഘകാല പരിചരണ സജ്ജീകരണം പ്രാഥമികമായി ആരോഗ്യ പരിരക്ഷ നൽകുന്നതിനായി ഉപയോഗിക്കുന്ന പ്രദേശങ്ങൾ മാത്രം ഉൾക്കൊള്ളുന്നതാണ്, ഫെസിലിറ്റിയിയുടെ മറ്റ് പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നതല്ല. മുഖാവരണം ധരിക്കണമോ വേണ്ടയോ എന്ന ഓർഡറിലെ ഒഴിവാക്കലുകൾക്കും ഇളവുകൾക്കും വിധേയമായി, പ്രാഥമികമായി ആരോഗ്യ പരിപാലനം നൽകുന്ന പ്രദേശങ്ങളിൽ മുഖാവരണം ധരിക്കണം. താഴെ ഒഴിവാക്കിയിട്ടില്ലെങ്കിൽ, ആരോഗ്യപരിചരദാതാക്കൾ എന്നതിൽ ആരോഗ്യപരിചരണ പ്രൊഫഷണൽ ക്രിഡൻഷ്യലിംഗ് ആവശ്യകതകൾ (ഇംഗ്ലീഷിൽ മാത്രം) എന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ക്രിഡൻഷ്യലുകളോടു കൂടിയ വ്യക്തികളും, അതുപോലെതന്നെ ക്രിഡൻഷ്യലുകളൊന്നും കൈവശം വയ്ക്കാതെ തന്നെ ആരോഗ്യ പരിചരണ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് നിയമപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള വ്യക്തികളും ഉൾപ്പെടുന്നു. **ആരോഗ്യ പരിചരണ സജ്ജീകരണങ്ങളിൽ മുറിക്കുള്ളിലായിരിക്കുമ്പോൾ ആരോഗ്യ പരിപാലന ഉദ്യോഗസ്ഥർക്ക് പുറമേ, എല്ലാ ജീവനക്കാരും സന്ദർശകരും മാസ്ക് ധരിക്കേണ്ടതുണ്ട്.**

ചുവട നല്കിയിരിക്കുന്നത് ആരോഗ്യ പരിപാലന സജ്ജീകരണങ്ങളുടെയും ദീർഘകാല പരിചരണ സജ്ജീകരണങ്ങളുടെയും നോൺ എക്സ്ക്ലൂസീവ് പട്ടികയാണ്:

- ആശുപത്രികൾ ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെയുള്ള തീവ്ര പരിചരണ ഫെസിലിറ്റികൾ;
- വിട്ടുമാറാത്ത രോഗങ്ങൾക്കുള്ള ദീർഘകാല പരിചരണ ഫെസിലിറ്റികൾ;
- കിടത്തി ചികിത്സിക്കുന്ന പുനരധിവാസ ഫെസിലിറ്റികൾ;

- കിടത്തി ചികിത്സിക്കുന്ന മാനസികാരോഗ്യ സൗകര്യങ്ങൾ ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ, മൂല്യനിർണ്ണയ, ചികിത്സാ സൗകര്യങ്ങൾ, താമസിച്ചുകൊണ്ടുള്ള ചികിത്സാ സൗകര്യങ്ങൾ, സുരക്ഷിതമായ രീതിയിൽ വിഷമുക്തമാക്കുന്ന സൗകര്യങ്ങൾ എന്നിവയും;
- നഴ്സിംഗ് ഹോമുകൾ, പരിചാരകരുടെ സഹായത്തോടെ താമസിക്കാനുള്ള സൗകര്യങ്ങൾ, മുതിർന്നവരുടെ കുടുംബ ഭവനങ്ങൾ, സാക്ഷ്യപ്പെടുത്തിയ കമ്മ്യൂണിറ്റി റെസിഡൻഷ്യൽ സേവനങ്ങളും പിന്തുണകളും നൽകുന്ന സംവിധാനങ്ങൾ, മെച്ചപ്പെട്ട സേവന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെയുള്ള ദീർഘകാല പരിചരണ ഫെസിലിറ്റികൾ;
- മൊബൈൽ ക്ലിനിക്കുകൾ അല്ലെങ്കിൽ ആരോഗ്യ പരിപാലനം നൽകുന്ന മറ്റ് വാഹനങ്ങൾ;
- ഡയാലിസിസ് സെന്ററുകൾ, ഫിസിഷ്യൻമാരുടെ ഓഫീസുകൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ (മനഃശാസ്ത്ര വിദഗ്ദ്ധർ, മാനസികാരോഗ്യ കൗൺസിലർമാർ, ലഹരിവസ്തുക്കളുടെ ഉപയോഗ വൈകല്യമുള്ളവരെ പരിപാലിക്കുന്ന ജീവനക്കാർ എന്നിവരുടെ ഓഫീസുകൾ ഉൾപ്പെടെ) എന്നിവ ഉൾപ്പെടുന്ന ഔട്ട്പേഷ്യന്റ് സൗകര്യങ്ങൾ;
- ദന്തചികിത്സയും അതിനാവശ്യമായ സൗകര്യങ്ങളും;
- ഒപ്ടോമെട്രി, ഒഫ്ഥാൽമോളജി ഫെസിലിറ്റികൾ;
- ഫാർമസികൾ (ചില്ലറ വിൽപ്പന മേഖലകൾ ഉൾപ്പെടുന്നില്ല);
- മസാജ് തെറാപ്പി ഓഫീസുകൾ (സ്പാകൾ, വെൽനസ്/ഫിറ്റ്നസ് സെന്ററുകൾ എന്നിവ പോലുള്ള ആരോഗ്യ ഇതര ക്രമീകരണങ്ങളിൽ മസാജ് നടത്തുന്ന നിയുക്ത പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നു);
- ഞരമ്പുരോഗ ചികിത്സയുടെ ഓഫീസുകൾ;
- മിഡ് വൈഫറി സമ്പ്രദായങ്ങളും സ്റ്റാൻഡ് എലോൺ പ്രസവ കേന്ദ്രങ്ങളും;
- ഐസൊലേഷൻ കൂടാതെ /അല്ലെങ്കിൽ ക്വാറന്റൈൻ ഫെസിലിറ്റികൾ;
- സഞ്ചരിക്കുന്ന ശസ്ത്രക്രിയാ ഫെസിലിറ്റികൾ;
- അടിയന്തര പരിചരണ കേന്ദ്രങ്ങൾ;
- ഹോസ്പിസ് പരിചരണ കേന്ദ്രങ്ങൾ; കൂടാതെ
- വീട്ടിലെത്തിയുള്ള പരിചരണം, വ്യക്തിഗത പരിചരണം, അഭയകേന്ദ്ര സേവനങ്ങൾ എന്നിങ്ങനെ പണമടച്ച് സേവനം നൽകുന്ന സംവിധാനങ്ങൾ.

ആരോഗ്യ പരിപാലന സംവിധാനങ്ങളും ദീർഘകാല പരിചരണ ക്രമീകരണങ്ങളും എന്നതിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നില്ല:

- സ്പോർട്ട്, കാഴ്ചക്കാരുടെ പരിപാടികൾ അല്ലെങ്കിൽ മറ്റ് ഒത്തുചേരലുകൾ നടക്കുന്ന സ്ഥലങ്ങൾ (അർഹതയുള്ള അത്‌ലറ്റിക് പരിശീലകർ കളിക്കാർക്ക് പരിചരണം നൽകുമ്പോൾ ഉൾപ്പെടെ), പ്രഥമശുശ്രൂഷ നൽകുന്ന ഏരിയകൾ (ആരോഗ്യ പരിപാലന സജ്ജീകരണങ്ങൾ) പോലുള്ള ആരോഗ്യ പരിപാലന സേവനങ്ങൾ നൽകുന്നതിനായി പ്രാഥമികമായി ഉപയോഗിക്കുന്ന പ്രദേശങ്ങൾ ഒഴികെ;
- Department of Children, Youth & Families (DCYF, കുട്ടികളുടെയും യുവജനങ്ങളുടെയും കുടുംബങ്ങളുടെയും വകുപ്പ്) -ലൈസൻസുള്ളതും പ്രാഥമികമായി ആരോഗ്യ പരിപാലന സേവനങ്ങൾ നൽകാത്തതുമായ, സുരക്ഷാ ഗൃഹങ്ങൾ;
- ജനങ്ങൾക്ക് ആരോഗ്യ പരിപാലനം നൽകാത്ത ഗവേഷണ കേന്ദ്രങ്ങൾ;
- മൃഗചികിത്സ നടത്തുന്ന ആരോഗ്യ പരിചരണ സജ്ജീകരണങ്ങൾ;
- മൃഗനിയന്ത്രണ ഏജൻസികൾ;
- ലാഭേച്ഛയില്ലാത്ത ജീവകാരുണ്യ സമൂഹങ്ങൾ; അതോടൊപ്പം
- മെഡിക്കൽ മരിജുവാന കൺസൾട്ടന്റുമാർ സേവനങ്ങൾ നൽകുന്നവ ഉൾപ്പെടെയുള്ള മരിജുവാന ചില്ലറ വില്പനശാലകൾ.

ആരോഗ്യ പരിപാലന സൗകര്യത്തിന് പുറത്തും മാസ്ക്കുകൾ ധരിക്കേണ്ടത് ആവശ്യമാണെങ്കിൽ, നിങ്ങൾ അവരുടെ ബിസിനസ്സ് നിയമങ്ങൾ പാലിക്കണം. കൂടുതൽ വിവരങ്ങൾക്ക് മുകളിലെ "റൂൾസ് ഓഫ് ദി റൂം" കാണുക. വിശദമായ മാർഗ്ഗനിർദ്ദേശത്തിന്, ഉറവിട നിയന്ത്രണ മാർഗ്ഗനിർദ്ദേശം (ഇംഗ്ലീഷിൽ മാത്രം) ഉൾപ്പെടെ ആരോഗ്യപരിചരണ സജ്ജീകരണങ്ങളിലെ കോവിഡ്-19 അണുബാധ തടയൽ (ഇംഗ്ലീഷിൽ മാത്രം) പേജ്, ചില ആരോഗ്യ പരിചരണ ഫെസിലിറ്റിയിലേക്കുള്ള സന്ദർശന മാർഗ്ഗനിർദ്ദേശം എന്നിവ ദയവായി സന്ദർശിക്കുക.

### റൂൾസ് ഓഫ് ദി റൂം

ബിസിനസ്സുകൾ, സംഘടനകൾ, സൗകര്യങ്ങൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവരുടെ സ്ഥാപനത്തിലോ അവയിലെ സൗകര്യങ്ങൾക്കുള്ളിലോ മാസ്ക് ധരിക്കുന്നതിന് സ്വന്തം നിയമങ്ങൾ നിശ്ചയിക്കാൻ അവകാശമുണ്ട്. ബിസിനസ്സുകൾ L&I ആവശ്യകതകളിലെ (ഇംഗ്ലീഷിൽ മാത്രം) എല്ലാ ആവശ്യകതകളും പാലിക്കേണ്ടതുണ്ട്, കൂടാതെ the ആരോഗ്യ സെക്രട്ടറിയുടെ മാസ്ക് ഉത്തരവിനേക്കാൾ (ഇംഗ്ലീഷിൽ മാത്രം) കൂടുതൽ സംരക്ഷണം

നൽകുന്നതിന് സജ്ജീകരണത്തിൽ (ഉദാഹരണത്തിന്, വാതിൽപുറത്ത്) മാസ്കുകൾ ആവശ്യമാണെന്ന് തീരുമാനിക്കാനാവുന്നതുമാണ്.

സമൂഹത്തിലെ വ്യാപനം പരിമിതപ്പെടുത്തുന്നതിന് പ്രാദേശിക പൊതുജനാരോഗ്യ ഉദ്യോഗസ്ഥർ കൂടുതൽ സംരക്ഷണ മാസ്ക് ഉത്തരവുകകൾ പുറപ്പെടുവിച്ചേക്കാം. ഈ നിയമങ്ങൾ ആരോഗ്യ സെക്രട്ടറിയുടെ മാസ്ക് ഉത്തരവിനേക്കാൾ (ഇംഗ്ലീഷിൽ മാത്രം), കൂടുതൽ സംരക്ഷണപരമായേക്കാം എന്നാൽ അവയ്ക്ക് കുറവ് സംരക്ഷണപരമാകാനാവില്ല.

കൂടാതെ, ചില വ്യക്തികൾക്ക് മാസ്ക് ധരിക്കുന്നത് തുടരേണ്ടിവരാം അല്ലെങ്കിൽ വേണമെന്ന് തിരഞ്ഞെടുക്കാം. സംസ്ഥാനമൊട്ടാകെയോ അല്ലെങ്കിൽ പ്രാദേശികമായോ മാസ്ക് ധരിക്കാനുള്ള നിബന്ധനകൾ സജീവമല്ലെങ്കിൽപ്പോലും പൊതുസ്ഥലത്ത് മാസ്ക് ധരിക്കാൻ അവർക്ക് അവകാശമുണ്ട്. തങ്ങളേയും കുടുംബത്തേയും സമൂഹത്തേയും സംരക്ഷിക്കുന്നതിനായി മാസ്ക് ധരിക്കാനുള്ള അവരുടെ താല്പര്യത്തെ ദയവായി മാനിക്കുക. നിങ്ങൾ ഒരു മാസ്ക് ധരിക്കാൻ താല്പര്യപ്പെടുകയാണെങ്കിൽ, തിരിച്ചറിയൽ ആവശ്യങ്ങൾക്ക് വേണ്ടിയോ അതുപോലുള്ള മറ്റേതെങ്കിലും സാഹചര്യങ്ങളിലോ അത് ചെറുതായി നീക്കം ചെയ്യാൻ നിങ്ങളോട് ആവശ്യപ്പെട്ടേക്കാം.